കർഷകർക്ക് ക്ഷേമനിധിയോ പെൻഷനോ നൽകുന്നതിനുള്ള പദ്ധതി

*19 [807] ശ്രീ. ലൂഡി ലൂയിസ്:
„ കെ. സി. വേണുഗോപാൽ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ വർക്കല കഹാർ:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ക്ഷേമനിധിയോ പെൻഷനോ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇപ്രകാരമുള്ള പദ്ധതി നിലവിലില്ലാത്തപക്ഷം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ, ബി) കർഷകർക്ക് ക്ഷേമനിധിയോ പെൻഷനോ നൽകുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ ആലോചനയിലില്ല.

(സി) ആലോചിക്കാവുന്നതാണ്.

കേന്ദ്രഗവൺമെന്റ് സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിക്കുന്ന ചെലവുകളുടെ കണക്ക്

*20 [808] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി സംസ്ഥാന ഗവൺമെന്റോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നടപ്പാക്കുന്ന പദ്ധതി ചെലവുകളുടെ വ്യക്തമായ കണക്ക് കേന്ദ്രത്തിന് നൽകേണ്ടതുണ്ടോ;

(ബി) ഇത്തരത്തിലുള്ള കണക്കുകൾ നൽകാതെ വരുന്നതിന്റെ അനന്തര ഫലമെന്താണെന്ന് വിശദീകരിക്കുമോ;

(സി) കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക ബന്ധപ്പെട്ട പരിപാടികളുടെ നടത്തിപ്പിനായി ഗവൺമെന്റ് വകുപ്പുകൾക്കോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ നൽകുമ്പോൾ പണം ചെലവഴിക്കുന്നതു സംബന്ധിച്ച വ്യക്തമായ കണക്ക് നൽകണമെന്ന് നിർദ്ദേശിക്കാറുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിർദ്ദേശം സ്വീകരിക്കാത്ത വകുപ്പുകളുടെയോ തദ്ദേശഭരണ സ്ഥാപനങ്ങളുടേയോ മേൽ എന്തെല്ലാം നടപടികളാണെടുക്കുന്നതെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly